**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300, 2332120, 2338487

## വിജ്ഞാപനം

## കീം 2025

## എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ അപേക്ഷയിൽ കൂട്ടിചേർക്കുന്നതിനുള്ള അവസരം

കീം 2025 മുഖേന കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് താഴെപ്പറയുന്ന കോഴ്സുകൾ കൂട്ടിച്ചേർക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| A | മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ | 1. എം.ബി.ബി.എസ്<br>2. ബി.ഡി.എസ്<br>3. ബി.എച്ച്.എം.എസ് (ഹോമിയോ)<br>4. ബി.എ.എം.എസ് (ആയുർവേദ)<br>5. ബി.എസ്.എം.എസ് (സിദ്ധ)<br>6. ബി.യു.എം.എസ് (യുനാനി)<br>7.ബി.എസ്.സി (ഓണേഴ്സ്) അഗ്രികൾച്ചർ<br>8.ബി.എസ്.സി (ഓണേഴ്സ്) ഫോറസ്ട്രി<br>9.ബി.എസ്.സി (ഓണേഴ്സ്) കോ-ഓപ്പറേഷൻ & ബാങ്കിംഗ്/ബി.എസ്.സി (ഓണേഴ്സ്)അഗ്രി .ബിസിനസ് മാനേജ്മെന്റ്<br>10.ബി.എസ്.സി (ഓണേഴ്സ്) ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയോൺമെന്റൽ സയൻസ്<br>11.ബി.ടെക്(ബയോടെക്നോളജി) (കേരള കാർഷിക സർവ്വകലാശാല)<br>12.വെറ്ററിനറി (ബി.വി.എസ്.സി & എ.എച്ച്)(KVASU)<br>13.ഫിഷറീസ് (ബി.എഫ്.എസ്.സി)(KUFOS) |
| B | എഞ്ചിനീയറിംഗ് കോഴ്സുകൾ | ബി.ടെക് ഡിഗ്രി കോഴ്സുകൾ (കേരള സാങ്കേതിക സർവകലാശാല,കേരള സർവകലാശാല,കാലിക്കറ്റ് സർവകലാശാല എന്നിവയുടെ കീഴിലുള്ള ബി.ടെക്, കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ്, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.ടെക് ഡയറി ടെക്നോളജി, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള |

| | | |
|---|---|---|
| | | ബി.ടെക് ഫുഡ് ടെക് നോളജി കോഴ്സ് ഉൾപ്പെടെ) |
| C | ഫാർമസി കോഴ്സ് | ബി.ഫാം |
| D | ആർക്കിടെക്ചർ കോഴ്സ് | ബി.ആർക്ക് |

കീം 2025 മുഖേന എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും അപേക്ഷയിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അപേക്ഷയിൽ ആവശ്യമുള്ള കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ആർക്കിടെക്ചർ (ബി.ആർക്) കോഴ്സ് കൂട്ടിച്ചേർക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ NATA നടത്തുന്ന പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതും മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നവർ NTA നടത്തുന്ന നീറ്റ് യു.ജി 2025 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതുമാണ്.

കീം 2025 അപേക്ഷിച്ചവർക്ക് കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് **07.03.2025 മുതൽ 12.03.2025 വൈകുന്നേരം 5.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

കീം 2025 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനായി മേൽ വെബ്സൈറ്റിൽ **'KEAM 2025-Application'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ഹോം പേജിൽ പ്രവേശിച്ച് **'Add Course'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് എഞ്ചിനീയറിംഗ്/ ഫാർമസി/ ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം **12.03.2025 വൈകുന്നേരം 5.00 മണിക്ക്** അവസാനിക്കുന്നതാണ്. അവസാന തീയതി ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല. വിദ്യാർത്ഥികൾ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിൽ അതീവ ജാഗ്രത പുലർത്തേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

**അപേക്ഷാ ഫീസ്:** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ അധിക ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ ഓൺലൈനായി മാത്രം ബാക്കി തുക മേൽ തീയതിക്കകം അടയ്ക്കേണ്ടതാണ്.

പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മുമ്പ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2025-26 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും 20.02.2025 ലെ അപേക്ഷാസമർപ്പണം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Arun S Nair
Date: 06-03-2025 16:30:52

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

06-03-2025